# കേരള നിയമസഭ
# 25.06.2014–ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂൺ 25, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ – 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി |

ആയുർവേദമരുന്നുകൾക്ക് ഗുണനിലവാര മാനദണ്ഡം

*361 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയൂർവേദമരുന്നുകൾക്ക് ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ

(ബി) മരുന്നു കടകളിൽ നിന്ന് കുറിപ്പടികൾ കൂടാതെ തന്നെ മരുന്നുകൾ ലഭ്യമാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ:

(ഡി) മദ്യവില്പനശാലകളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയതോടെ മദ്യത്തിനു പകരമായി ആയൂർവേദ ചേരുവകളുടെ ഉപയോഗം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽഇതു തടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

''നൈപുണ്യം സമ്മിറ്റ്''

*362 ശ്രീ. കെ. അച്ചുതൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യം സമ്മിറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അതിന്റെ ലക്ഷ്യങ്ങളെന്തെല്ലാമാണ്; വിശദാംശങ്ങൾ നല്കാമോ;

(സി) രാജ്യാന്തര നിലവാരത്തിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ള യുവാക്കളെ സൃഷ്ടിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സമ്മിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സമ്മിറ്റിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ</u>

*363 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനത്തിലെ പ്രസ്തുത മാതൃക എല്ലാ ഉത്തരവാദിത്ത ടൂറിസം പദ്ധതികളിലും വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടനാർത്ഥമുള്ള മുന്നൊരുക്കങ്ങൾ</u>

*364 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത ശബരിമല തീർത്ഥാടനം കുടുതൽ സുരക്ഷിതവും സൗകര്യപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും തീർത്ഥാടനമേഖലയിലെ പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ശബരിമല പാക്കേജ് നടപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

മഴവെള്ളക്കൊയ്ത്ത്

*365 ശ്രീ. എം. ഉമ്മര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മഴവെള്ളം ശേഖരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മഴവെള്ള ശേഖരണത്തിന് വീടുകള്‍ക്കും ഫ്ളാറ്റുകള്‍ക്കും എന്തൊക്കെ സഹായങ്ങളാണ് നല്‍കുന്നതെന്ന് വിശദമാക്കുമോ;

(സി) മഴവെള്ളക്കൊയ്ത്ത് വ്യാപകമാക്കുന്നതിന് ഈ സര്‍ക്കാര്‍ എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കാൻസർ ചികിത്സ കാര്യക്ഷമവും ഫലവത്തുമാക്കാൻ നടപടികൾ</u>

*366 ശ്രീ. കെ.എൻ.എ. ഖാദർ
,, റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സ കാര്യക്ഷമവും ഫലവത്തുമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) കാൻസർ രോഗചികിത്സയിൽ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കാൻസർ രോഗികളുടെ എണ്ണം സംസ്ഥാനത്തു ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്ന ആശങ്കക്ക് അടിസ്ഥാനമുണ്ടോ; എങ്കിൽ അതിന് സംസ്ഥാനത്തിന്റേതായ ഏതെങ്കിലും പ്രത്യേകതകൾ കാരണമാവുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതിക്കാരുടെ അടിസ്ഥാന സൗകര്യ വികസനം</u>

*367 ശ്രീ. പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ജീവിതനിലവാരം സംബന്ധിച്ച് വിശദമായ സർവ്വേയും പഠനവും നടത്തുന്നത് പരിഗണിക്കുമോ;

(ബി) സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത പട്ടികജാതി വിഭാഗക്കാരുടെ വിശദമായ ലിസ്റ്റു തയ്യാറാക്കുന്നതിനും ഇവർക്ക് അടിസ്ഥാന ജീവിതസൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നത് പരിഗണിക്കുമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിനും പട്ടികജാതി വകുപ്പിൽ പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ ;

(ഡി) പട്ടികജാതി വിഭാഗക്കാരുടെ എത്ര ലക്ഷം രൂപവരെയുള്ള വായ്പാ കുടിശ്ശികകളാണ് എഴുതിതള്ളുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ മാർഗ്ഗരേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ഇ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഉന്നത പഠനത്തിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പമ്പാ-വൈപ്പാർ നദീജല പദ്ധതി</u>

*368 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ-വൈപ്പാർ നദീജല പദ്ധതി നടപ്പാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള എന്തെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിക്കുമോ;

(സി) പമ്പയിലും പോഷകനദിയായ അച്ചൻകോവിലാറിലും എത്ര ജലം മിച്ചമുള്ളതായി കണക്കാക്കിയിട്ടുണ്ട്; മിച്ചമുള്ള ജലം വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് എന്തു തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നിർബന്ധിത എം.എം.ആർ വാക്സിൻ</u>

*369 ശ്രീമതി. പി. അയിഷാ പോറ്റി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൂബെല്ലാ രോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് നിർബന്ധമാക്കിയത് ഏതെങ്കിലും ഗവേഷണ പഠനഫലമായാണോ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ;

(ബി) എല്ലാ ശിശുക്കൾക്കും നൽകിവരുന്ന നിർബന്ധിത വാക്സിനായ എം.എം.ആർ ഏതൊക്കെ രോഗപ്രതിരോധത്തിനുള്ളതാണെന്നറിയിക്കുമോ; ഈ വാക്സിൻ ഫലപ്രദമല്ലെന്നതിന് എന്തെങ്കിലും പഠന റിപ്പോർട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) റൂബെല്ലാ രോഗം മാരകമാണോ; ഇത് ഏത് തരത്തിലുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്ന് അറിയിക്കാമോ; ഈ പ്രതിരോധ കുത്തിവെയ്പ് ലക്ഷ്യവിഭാഗത്തിന് അവശ്യഘട്ടത്തിൽ മാത്രം നൽകുന്നതുകൊണ്ട് എന്ത് കുഴപ്പമാണുള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗക്കാർക്ക് പ്രത്യേക സ്വയം തൊഴിൽ പദ്ധതി</u>

*370 ശ്രീ. വി.ഡി. സതീശൻ
,, വി.പി. സജീന്ദ്രൻ
,, ഐ.സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയംതൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

ഡാം സൈറ്റുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കാൻ പദ്ധതി

*371 ശ്രീ. സി. മമ്മൂട്ടി
.. എൻ. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി രമണീയമായ ഡാം സൈറ്റുകൾ മോടിപിടിപ്പിച്ച് ടൂറിസ്റ്റുകേന്ദ്രങ്ങളാക്കി മാറ്റാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ഡാം സൈറ്റുകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ജലസേചനവകുപ്പിന്റെയും, വൈദ്യുതിവകുപ്പിന്റെയും ഇത്തരത്തിലുള്ള ഡാം സൈറ്റുകളും, ചെക്ക് ഡാം പ്രദേശങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളാക്കാൻ പ്രസ്തുത വകുപ്പുകളുമായി ചേർന്ന് സമഗ്രമായ ഒരു വിനോദസഞ്ചാര കേന്ദ്ര വികസന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തൊഴിൽ ചൂഷണം</u>

*372 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, എം. ചന്ദ്രൻ
,, എസ്. ശർമ്മ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും തൊഴിൽ ചൂഷണത്തിനിരയാകുന്നുവെന്ന കോടതി കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിരുന്നോ ; വിശദമാക്കാമോ ;

(ബി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഇവർക്ക് അവിദഗ്ദ്ധ തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം പോലും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അവർക്ക് മിനിമം വേതനവും മറ്റാനുകൂല്യങ്ങളും നിശ്ചയിക്കാനും അവ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സംഘടനാ സ്വാതന്ത്ര്യമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ജനനീ ശിശു സുരക്ഷാ പദ്ധതി</u>

*373 ശ്രീ. പി. തിലോത്തമൻ
,, ഇ. കെ. വിജയൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനീ ശിശു സുരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ്; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; ഇതിനകം ഈ പദ്ധതിക്ക് എത്ര കേന്ദ്ര സഹായം ലഭിച്ചു;

(ബി) ഈ പദ്ധതിക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയത്; ജീവനക്കാർക്ക് ഇതിനുവേണ്ടി എന്തെല്ലാം പരിശീലനങ്ങൾ നൽകി;

(സി) ഈ പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിനകം എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>പട്ടികജാതിക്കാർക്ക് വീടു വെക്കാനുള്ള ഭൂമി</u>

*374 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീടു വെക്കാനുള്ള ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി സംബന്ധിച്ച അവലോകനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(ബി) മുൻവർഷത്തെ ബഡ്ജറ്റിൽ ഇതിനായി നീക്കിവെച്ചിരുന്ന തുകയുടെ 40 ശതമാനത്തിൽ താഴെ മാത്രം വിനിയോഗിക്കാനിടയായതിന്റെ കാരണം അറിയിക്കാമോ;

(സി) ഭൂമിയുടെ വില വർദ്ധന കണക്കിലെടുത്ത് ധനസഹായ തുക വർദ്ധിപ്പിക്കാത്തത് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിഘാതമായതായി കരുതുന്നുണ്ടോ; എങ്കിൽ തുക വർദ്ധിപ്പിച്ച് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ആരോഗ്യ മേഖലയിലെ വിദേശ നിക്ഷേപം</u>

*375 ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ വിദേശനിക്ഷേപം സ്വീകരിക്കണമെന്ന് ആസൂത്രണ ബോർഡിന്റെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്തെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി</u>

*376 ശ്രീ. എ.കെ. ബാലൻ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ.കെ. ലതിക
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാസവസ്തുക്കളുടെയും ബാക്ടീരിയയുടെയും ആധിക്യംകൊണ്ട് ഉപയോഗശൂന്യമായ ജലമാണ് സംസ്ഥാനത്ത് 65 ശതമാനത്തിലധികം ആളുകളും ഉപയോഗിക്കുന്നതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ഇത് ജനങ്ങളുടെ ആരോഗ്യത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്നതിനെക്കുറിച്ച് ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം നൽകാമോ;

(സി) ഇത് നേരിടുന്നതിനായി ആരോഗ്യവകുപ്പ് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>അവയവദാനം - നിലവിലുള്ള നിയമ വ്യവസ്ഥകൾ</u>

*377 ശ്രീ. എൻ.എ. നെല്ലിക്കുന്ന്
,, പി.കെ. ബഷീർ
,, സി. മമ്മൂട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നയം വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമവ്യവസ്ഥകൾ വിശദമാക്കുമോ;

(സി) അവയവദാന പ്രോത്സാഹനത്തിന് സർക്കാർ എന്തെങ്കിലും പരിപാടികൾ നടപ്പാക്കുന്നുണ്ടോ;

(ഡി) അവയവദാന പ്രോത്സാഹനത്തിന്റെ മറവിൽ ചൂഷണം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ നിയമത്തിൽ ഉണ്ടെന്നും അതു നിരീക്ഷിക്കാനുള്ള സംവിധാനമെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

പമ്പാ ആക്ഷൻപ്ലാൻ

*378 ശ്രീ. സാജു പോൾ
,, രാജു എബ്രഹാം
,, ബാബു എം. പാലിശ്ശേരി
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാനിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ; എത്ര പദ്ധതികളാണ് ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്ര പൂർത്തീകരിക്കാൻ സാധിച്ചെന്നും അറിയിക്കുമോ;

(ബി) പദ്ധതിക്ക് കേന്ദ്ര അംഗീകാരവും സാമ്പത്തിക സഹായവും ലഭിച്ചിട്ടുണ്ടോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിന്റെ രണ്ടാംഘട്ടമായി തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശം നൽകുമോ; അതിൽ എന്തൊക്കെ നടപ്പാക്കിയെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ് കേന്ദ്രം</u>

*379 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ് കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നല്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി ഏതെല്ലാം സ്ഥാപനങ്ങളാണ് സഹകരിച്ചത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

*380 ശ്രീ. കെ. വി. വിജയദാസ്
,, എളമരം കരീം
,, ബി. സത്യൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് ഉയർന്നുവന്ന വ്യാപകമായ പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനു ബോർഡിനുണ്ടായതായി പറയപ്പെടുന്ന വീഴ്ചയുടെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിൽ വ്യാപകമായ അഴിമതിയും കെടുകാര്യസ്ഥതയും നിലനിൽക്കുന്നതായ വിവിധ തൊഴിലാളി സംഘടനകളുടെ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ബോർഡ് പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ദേവസ്വം ഭൂമി കയ്യേറ്റം</u>

*381 ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ഭൂമിയിൽ വ്യാപകമായി കയ്യേറ്റം നടക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിരുന്നോ ;

(ബി) അന്യാധീനപ്പെട്ട ദേവസ്വം ഭൂമിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാണോ ;

(സി) ദേവസ്വം ഭൂമി കയ്യേറ്റം തടയുവാനും പന്തല്ലൂർ ക്ഷേത്രത്തിന്റേതുൾപ്പെടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>കൈസാനൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി)</u>

*382 ശ്രീ. കെ. ദാസൻ
,, എം. ഹംസ
,, പി.റ്റി.എ. റഹീം
,, കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈസാനൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി) സംസ്ഥാനത്ത് മനുഷ്യരിലേക്ക് പടർന്നിട്ടുണ്ട് എന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മാരകമായ ഈ രോഗം പടർന്ന് പിടിക്കാതിരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) നിലവിൽ ഈ രോഗനിർണ്ണയത്തിന് വേണ്ട പരിശോധനാ സൗകര്യങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയാണുള്ളത് ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികൾ</u>

*383 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര ക്ഷേമ പദ്ധതികളാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇപ്പോൾ നൽകി വരുന്ന മിനിമം ക്ഷേമ പെൻഷൻ എത്ര രൂപയാണ്;

(ഡി) അത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>മരുന്നു നല്കുന്നവരുടെ യോഗ്യത</u>

*384 ശ്രീമതി കെ. കെ ലതിക
ശ്രീ. എം. ചന്ദ്രൻ
,, ആർ രാജേഷ്
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്നു കടകളിലും സ്വകാര്യ ആശുപത്രികളിലും യോഗ്യതയുള്ളവരാണോ മരുന്ന് നൽകുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ തുടർച്ചയായി പരിശോധന നടത്താറുണ്ടോ പരിശോധനയ്ക്കുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) യോഗ്യതയില്ലാത്തവർ ഇത്തരം സ്ഥാപനങ്ങളിൽ മരുന്ന് നൽകുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

<u>ജനനി അഫോർഡബിൾ ഹൗസിംഗ് സ്കീം</u>

*385 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതിവഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**25.06.2014-ലെ മറുപടിക്ക്**

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം</u>

*386 ശ്രീ. സി. കൃഷ്ണൻ
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിരവധി എൻഡോസൾഫാൻ ഇരകൾ ആനുകൂല്യത്തിന് അർഹതയുള്ളവരുടെ ലിസ്റ്റിൽപ്പെട്ടിട്ടില്ലെന്ന് സർക്കാർ തന്നെ അംഗീകരിച്ച സാഹചര്യത്തിൽ ദുരിതബാധിതരുടെ സമഗ്ര പട്ടിക തയ്യാറാക്കാൻ ഉടനടി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാർത്ഥികളുടെ സാങ്കേതിക പഠന സൗകര്യം</u>

*387 ശ്രീ. പി.ബി. അബ്ദുൾ റസാക്
,, വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസ
ഞ്ചാരവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ സാങ്കേതിക പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരെ തൊഴിലിനുള്ള മത്സരപ്പരീക്ഷകൾക്ക് സജ്ജരാക്കാൻ എന്തൊക്കെ സഹായങ്ങൾ നല്കിവരുന്നു എന്ന് വിശദമാക്കുമോ;

(സി) 2014 -15 വർഷത്തേയ്ക്ക് പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2014-ലെ മറുപടിക്ക്

''സുരക്ഷിത ആഹാരം - ആരോഗ്യത്തിനാധാരം'' പദ്ധതി

*388 ,, ഷാഫി പറമ്പിൽ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് ''സുരക്ഷിത ആഹാരം - ആരോഗ്യത്തിന് ആധാരം'' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

നദികളെ മാലിന്യമുക്തമാക്കുന്നതിന് നടപടി

*389 ശ്രീ. വി.റ്റി. ബൽറാം
,, റ്റി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ജലവിഭവ **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ മാലിന്യമുക്തമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി രൂപീകരണത്തിൽ ഏതെല്ലാം വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2014-ലെ മറുപടിക്ക്

## ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനുമുള്ള പദ്ധതികൾ

*390 ശ്രീ. എം.എ. വാഹീദ്
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനും ശുദ്ധജലവിതരണത്തിനും ഈ സർക്കാർ നടപ്പിലാക്കിവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ജലസംരക്ഷണത്തിനായി പഞ്ചായത്തുകളിലെ കുളങ്ങളും തോടുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) 'മിഷൻ 676' -ൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ഇതിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 16.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]